**Press Release**

PR . 90/2019 16.07.2019

# റീബിൽഡ് കേരള – കൃഷിവകുപ്പിന് സുപ്രധാന പങ്ക് വഹിക്കാനാകും: കൃഷിമന്ത്രി

പ്രളയാനന്തര കേരളത്തിന്റെ പുന:സൃഷ്ടിക്കായ് സംസ്ഥാനമൊട്ടാകെ ജനകീയപ്രവർത്തനങ്ങളും ആസൂത്രണങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. പ്രാഥമിക മേഖലയായ ഉത്പാദന മേഖലയിൽ വൻ തകർച്ച നേരിട്ടിട്ടുണ്ടെങ്കിലും ക്രിയാത്മകതയും സമയബന്ധിതവുമായ ഇടപെടലുകളിലൂടെ പുനർജ്ജനി പ്രവർത്തനങ്ങൾ അതിവേഗം നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുള്ള ഒരു മേഖലയാണ് കാർഷികമേഖല. കാലാവസ്ഥാ പ്രശ്നങ്ങൾ ഇന്നും ഒരു തിരിച്ചടിയായി നിൽക്കുന്നുണ്ടെങ്കിലും കാർഷികമേഖലയിലെ വളർച്ചാനിരക്ക് പോസിറ്റീവ് ആണെന്നത് ശുഭസൂചനയാണെന്ന് കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ അഭിപ്രായപ്പെട്ടു. കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ഉദ്യോഗസ്ഥർക്കായി തിരുവനന്തപുരത്ത് നിശാഗന്ധിയിൽ സംഘടിപ്പിച്ച 'അഗ്രിവിഷൻ 2020' ശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു കൃഷിമന്ത്രി.

കൃഷിവകുപ്പിലെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിന് ത്രിതലപഞ്ചായത്ത് പദ്ധതികൾ, നീർത്തട വികസന പദ്ധതികൾ എന്നിവയുമായി സംയോജിച്ച് പദ്ധതികൾ തയ്യാറാക്കണമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. കാലാവസ്ഥ പ്രവചനാതീതമായികൊണ്ടിരിക്കുന്ന ഈ അവസരത്തിൽ മുഴുവൻ കർഷകരും വിള ഇൻഷ്വറൻസിൽ പങ്കാളികളാകേണ്ടതാണ്. 100 ദിവസത്തിനുള്ളിൽ മുഴുവൻ കാർഷിക വായ്പകളും കിസാൻ ക്രെഡിറ്റ് കാർഡ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ഒരു ദൗത്യത്തിന് സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുമായി ചേർന്ന് കൃഷിവകുപ്പ് തുടക്കം കുറിച്ചിരിക്കുകയാണ്. പദ്ധതികൾ കൂടുതൽ ജനകീയമാക്കുന്നതിനും സുതാര്യമാക്കുന്നതിനും എല്ലാ മേധാവികളും ശ്രമിക്കേണ്ടതാണെന്നും മന്ത്രി സൂചിപ്പിച്ചു. കഴിഞ്ഞ 3 വർഷങ്ങളിലായി കൃഷിവകുപ്പ് ആരംഭം കുറിച്ച ജനകീയ പദ്ധതികൾ വളരെ ജനശ്രദ്ധ ആകർഷിച്ചിട്ടുള്ളവയാണ്. 400-ലധികം

ആഴ്ചചന്തകൾ, ജൂൺ മാസത്തിൽ നടത്തിവരുന്ന കർഷകസഭകൾ, ഞാറ്റുവേല ചന്തകൾ, ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതി, മില്ലറ്റ് വില്ലേജ് പദ്ധതി, വൈഗ എന്നിവ കർഷകർക്ക് വരുമാന വർദ്ധനവിനും സംരംഭകത്വ വികസനത്തിനും വഴിയൊരുക്കിയിട്ടുള്ളവയാണ്. വിദ്യാർത്ഥികളെ ഉൾപ്പെടുത്തി നെൽ ക്കൃഷിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന പാഠം ഒന്ന് പാടത്തേക്ക് പദ്ധതി, നടീൽ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പാക്കുവാനായി നഴ്സറി ആക്ട്, കയറ്റുമതി അടിസ്ഥാനമാക്കിയുള്ള കൃഷിപരിപാലനമുറകൾ എന്നിവ ഈ വർഷം മുതൽ പുതുതായി ആരംഭിക്കുകയാണ്. ഡാറ്റാ ബാങ്ക് പരാതിതീർക്കൽ, കടാശ്വാസ കമ്മീഷൻ പരിധിയിൽ അർഹരായ കർഷകരെ ഉൾപ്പെടുത്തൽ എന്നിവ ഉടനെ തന്നെ നടപ്പിലാക്കേണ്ടതാണെന്ന് മന്ത്രി പറഞ്ഞു. ഈ വർഷത്തെ സംസ്ഥാനതല കർഷകദിനാഘോഷം കോഴിക്കോട് ജില്ലയിലായിരിക്കും നടത്തുന്നതെന്നും മന്ത്രി സൂചിപ്പിച്ചു.

ശില്പശാലയിൽ വിവിധ ജില്ലകളിൽ നിന്നുള്ള ഉദ്യോഗസ്ഥ പ്രതിനിധികൾ, കാർഷിക മേഖലയിലെ പ്രശ്നങ്ങൾ, സാധ്യതകൾ, എറ്റെടുക്കാവുന്ന പദ്ധതികൾ എന്നിവ അവതരിപ്പിക്കുകയുണ്ടായി. ചടങ്ങിൽ കാർഷികോത്പദാന കമ്മീഷണർ ദേവേന്ദ്ര കുമാർ സിംഗ് ഐ.എ.എസ് അദ്ധ്യക്ഷനായിരുന്നു. കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രത്തൻ യു ഖേൽകർ ഐ.എ.എസ്, ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ ജസ്റ്റിൻ മോഹൻ ഐ.എഫ്.എസ്, കൃഷി വകുപ്പ് അഡീഷണൽ ഡയറക്ടർമാർ എന്നിവർ പദ്ധതി വിശദീകരണം നടത്തുകയും ചെയ്തു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**